പതിനാലാം കേരള നിയമ സഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 558 — 04.07.2019- ൽ മറുപടിക്ക്

## ദേശീയ പാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ടി. ബൽറാം**<br>**,, വി. എസ്. ശിവകുമാർ**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, റോജി എം. ജോൺ:** | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ പാത വികസനത്തിനായി ആവശ്യമായ ഭൂമിയുടെ എത്ര ശതമാനം ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് ഇതിനകം കൈമാറിയെന്നറിയിക്കുമോ; | (എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയപാതാ വികസനത്തിനായി 68.2% ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 9.14% ഭൂമി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) ഭൂമി ഏറ്റെടുക്കൽ നടപടികളിൽ ഏറ്റവും കൂടുതൽ കാലതാമസം ഏതൊക്കെ ജില്ലകളിലാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ദേശീയപാതാ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിൽ എറണാകുളം ജില്ലയാണ് ഏറ്റവും കൂടുതൽ കാലതാമസം വന്നിട്ടുള്ളത്. |
| (സി) ഭൂമി ഏറ്റെടുക്കലിന്റെ രണ്ടാം ഘട്ടമായ 3 ഡി നോട്ടിഫിക്കേഷൻ നടപടികൾ ഇതിനകം പൂർത്തിയായത് എത്ര ഹെക്ടർ സ്ഥലത്താണ്; | (സി) ഭൂമി ഏറ്റെടുക്കലിന്റെ രണ്ടാം ഘട്ടത്തിൽ ആകെ ഏറ്റെടുക്കേണ്ട 1177.62 ഹെക്ടറിൽ 803.21 ഹെക്ടറിനാണ് 3D നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) നിലവിലെ സ്ഥിതിയിൽ 2021 ന് മുമ്പ് ദേശീയ പാത വികസനം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ എന്നറിയിക്കാമോ? | (ഡി) ദേശീയ പാത വികസനം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റേയും, ദേശീയപാത അതോറിറ്റിയുടേയും നിയന്ത്രണത്തിലായതിനാൽ 2021 ന മുമ്പ് പൂർത്തിയാക്കാനാകുമോയെന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിനു കൃത്യമായ കാലാവധി |

പറയാനാവുകയില്ല. MORTH ന്റേയും NHAI യുടേയും സമീപനത്തിനു അനുസരിച്ചു മാത്രമേ ഇക്കാര്യത്തിൽ ഒരു ഉറപ്പു പറയാനാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ